കൊണ്ടാണ് ആ സബ് സ്റ്റേഷൻ പണിയുന്നത്. നെടുമങ്ങാട് ഒരു 110 കെ. വി. ലൈൻ സബ്സ്റ്റേഷൻ പണിയാൻ പോകുന്നു. അവിടെ നിന്ന് ഫീഡ് ചെയ്യുമ്പോൾ ഇതിൽ മാറ്റംവരും. നെയ്യാറ്റിൻകരയ്ക്ക് 110 ലൈൻ നെടുമങ്ങാടുവഴി വലിക്കുവാനുള്ള തീരുമാനവും സ്വീകരിച്ചിട്ടുണ്ട്. വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി ഇക്കൊല്ലം ഏതാണ്ട് മുപ്പതുകോടി രൂപ നീക്കിവച്ചിട്ടുണ്ട്, വളരെയധികം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പരിഹരിക്കുവാനുള്ള നടപടികളും നടന്നുവരുന്നു. കഴിയുന്നിടത്തോളവും ചെയ്യാവുന്നിടത്തോളവും സാമ്പത്തിക സഹായങ്ങളും കഴിവിന്റെ അടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഈ രാജ്യത്ത് വലിയ പ്രശ്നമാണ്. ഇപ്പോൾ കിട്ടിയിരിക്കുന്ന എസ്റ്റിമേറ്റനുസരിച്ച് കേരളത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പരിഹരിക്കുവാൻ അടിയന്തിരമായി 150 കോടി രൂപയോളം എങ്കിലും വേണ്ടിവരും. 150 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന് ഒരു കൊല്ലംകൊണ്ട് താങ്ങാൻ കഴിയുന്നതല്ല. വിദ്യുച്ഛക്തി ബോർഡിന്റെ മൊത്തം വരുമാനം 155 കോടി രൂപയാണ്. 150 കോടി രൂപ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിവരും. മാക്സിമം 29.5 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി പ്രസരണ രംഗത്ത് നീക്കിവച്ചതുകൊണ്ട്. പൂർണ്ണമായി ചെലവാക്കാമെന്നാണ് കരുതുന്നത്. എല്ലാ സെക്ഷനുകളിലും ഒന്നും രണ്ടും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം തീർക്കണം, ഈ നവംബർ മാസം 30-ാം തീയതിക്കുമുമ്പ് എല്ലാ ഡിസ്ട്രിബ്യൂഷൻ സെക്ഷനുകളിലും രണ്ട് വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം എങ്കിലും പൂർത്തിയാക്കണമെന്ന നിർദ്ദേശം കൊടുത്തു, അതിന്റെ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വോൾട്ടേജ് ഇംപ്രൂവ്മെന്റിൽ വളരെ മാറ്റങ്ങളും ഉണ്ടാക്കാൻ ഈ ഒന്നര മാസംകൊണ്ട് കഴിയും. പുതിയ കണക്ഷൻസ് ഉണ്ടാക്കുന്നതിന് മുമ്പ് ഇതു സാധിക്കും. മുമ്പ് ഓരോ വർഷവും മുപ്പതിനായിരവും നാൽപ്പതിനായിരവും കണക്ഷനുകളും കൊടുത്തിരുന്നത് ഇപ്പോൾ രണ്ടര-രണ്ടര ലക്ഷം എന്ന കണക്കിലാണ് ഓരോ വർഷവും കൊടുക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളും സ്വാഭാവികമായിട്ടും ഉണ്ട്. എങ്കിലും ഉള്ള സാമ്പത്തിക പരിമിതികളും വച്ചുകൊണ്ട് പരമാവധി ചെയ്യാവുന്ന കാര്യങ്ങളും ഇലക്ട്രിസിറ്റി ബോർഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു മാത്രമേ എനിക്കു പറയുവാനുള്ളൂ.

(2) സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ടുകൊണ്ടുള്ള സത്യാഗ്രഹ പരിപാടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, മനുഷ്യവംശത്തിന്റെമേൽ നിപതിച്ചിരിക്കുന്ന കൊടും ശാപമാണ് മദ്യപാനമെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പൈശാചികമായ ഈ പ്രവണതക്കെതിരെ വേദോപനിഷത്തുക്കളും, പുരാണേതിഹാസങ്ങളും, ബൈബിളും, ഖുറാനുമൊക്കെ നിശിതമായി വിമർശിച്ചിട്ടുണ്ട്. ആധുനിക മനുഷ്യമനസിനുവേണ്ടി വാദിച്ച ബർട്രനൻറ്, റസ്സൽ മദ്യപാനത്തെ താൽക്കാലികമായ ആത്മഹത്യയായിട്ടാണ് വിശേഷിപ്പിച്ചത്. റോമാസാമ്രാജ്യത്തിന്റെ പതനവും യാദവകാലത്തിന്റെ നാശവും അലക്സാണ്ടർ ചക്രവർത്തിയുടെ അകാല മരണവുമൊക്കെ മദ്യം വരുത്തിവച്ച വിനകളാണ്. അഴിമതി, ചൂഷണം, കളവ്, വ്യഭിചാരം തുടങ്ങി അധാർമ്മികമായ എല്ലാത്തിനും വഴിതെളിക്കുന്ന മദ്യപാനം നിരവധി വ്യക്തികളെയും കുടുംബങ്ങളെയും അനുദിനം നിരാധരരാക്കിക്കൊണ്ടിരിക്കുന്നു. ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞതുപോലെ സമ്പന്നന്റെ മദ്യപാനം വ്യക്തിപരമായ ഒരു പ്രശ്നം മാത്രമാണെങ്കിൽ പാവപ്പെട്ടവന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൂടി ദേശീയമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. പഞ്ചവൽസര പദ്ധതികളും വികസന പ്രവർത്തനങ്ങളും ക്ഷേമപരിപാടികളും വഴി നാം കൈവരിച്ച പുരോഗതിപോലും വ്യാപകമായ മദ്യാസക്തിമൂലം നിഷ് പ്രഭവും പ്രയോജനരഹിതവുമായി തീർന്നിരിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രാഷ്ട്രപിതാവ് സമാരംഭിച്ച മദ്യവർജ്ജനം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാം സൗകര്യപൂർവം മാറ്റി വച്ചിരിക്കുകയാണ്. ഭരണഘടന അതിനെ ഒരു നയമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ നാം ഫലപ്രദമായി യാതൊന്നുതന്നെ ചെയ്യുന്നില്ല ഭാഗീകമായി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന മദ്യനിരോധനം മൂലം നാം മാറിക്കളഞ്ഞു. വർഷംതോറും എക്സൈസ് വരുമാന വർദ്ധനയ്ക്കാണ് നാം നിഷ്കർഷിക്കുന്നത്. ആത്മഹത്യാപരമായ ഈ സമീപനത്തിനെതിരെ അടുത്തകാലത്തായി പ്രതിഷേധങ്ങളുയർന്നുവന്നുതുടങ്ങിയിട്ടുണ്ട്. സോവിയറ്റ് യൂണിയനെപ്പോലുള്ള സമ്പന്ന രാഷ്ട്രങ്ങൾപോലും മദ്യപാനത്തിനെതിരെ നീക്കങ്ങൾ ആരംഭിച്ച് ഈ സമയത്ത് മദ്യനിരോധനംമൂലം സംസ്ഥാനങ്ങൾക്കുണ്ടായേക്കാവുന്ന റവന്യൂ നഷ്ടം നികത്താൻ സഹായം നൽകാമെന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം തികച്ചും സ്വാഗതാർഹമാണ്.

അടുത്ത ജനുവരി ഒന്നു മുതൽ തമിഴ്നാട്ടിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുമെന്ന തീരുമാനം ശ്രദ്ധേയമാണ്. കേരള മദ്യനിരോധന സമിതി ആരംഭിച്ച പ്രക്ഷോപണവും എൻ. ഡി. വൈ. എഫ്., കാത്തലിക് യൂത്ത് മൂവ്മെന്റ്, മുസ്ലീം യൂത്ത് ലീഗ്, മദ്യവർജ്ജന സമിതി തുടങ്ങിയ സംഘടനകളും നടത്തുന്ന പ്രചരണ പരിപാടികളും പുതിയ മദ്യശാലകൾ തുറക്കുന്നതിനെതിരെ ഫയൽ ചെയ്യപ്പെട്ട നിരവധി കേസുകളും മദ്യവിൽപ്പനക്കെതിരെ വ്യാപകമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പ്രതിഷേധങ്ങളുമൊക്കെ കണ്ടില്ലെന്നു നടിക്കുന്നത് ഒരു ജനാധിപത്യ സർക്കാരിനും ഭൂഷണമല്ല. വസ്തുതകളിൽ നിന്നുള്ള ഈ ഒളിച്ചോട്ടം അങ്ങേയറ്റം നിരുത്തരവാദപരമാണ്. അൽപ്പനേരത്തേക്കെങ്കിലുംതന്നെ ഒരു ഫ്ലക്സിബിൾ പതിയാക്കിയാൽ ഇൻഡ്യയിലെ മദ്യശാലകളെക്കൊക്കെ അടച്ചുപൂട്ടുമെന്ന് ധീരമായി പ്രഖ്യാപിച്ച മഹാത്മാഗാന്ധിയുടെ നാട്ടിൽ മദ്യഷാപ്പുകൾ അടയ്ക്കണമെന്നാവശ്യപ്പെടുന്നവരെയെല്ലാം ജയിലിൽ അയക്കുന്നത് അപമാനകരമാണ്. മദ്യം വിഷമാണെന്ന് ഉൽബോധിപ്പിച്ച ശ്രീനാരായണ ഗുരുദേവന്റെ നാട്ടിൽ അനുദിനം അനധികൃതമായിപ്പോലും മദ്യശാലകൾ പെരുകി വരുന്നു എന്നത് അത്യന്തം അപകടകരമാണ്. പുനലൂരിലും വൈപ്പിനിലും പിടഞ്ഞു മരിച്ച മനുഷ്യാത്മക്കളെങ്കിലും മനസാക്ഷിയെ ഉണർത്തേണ്ടതായിരുന്നു. രേണുകക്ഷി പ്രതിപക്ഷ വ്യത്യാസം മറികടന്ന് മാരകമായ ഈ മഹാ വിപത്തിനെപ്പറ്റി സമഗ്രമായ ചർച്ചയും പുനർചിന്തനവും നടത്താൻ ഇനിയൊട്ടും വൈകിക്കൂടാ. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പറഞ്ഞിട്ടുള്ളതുപോലെ എന്തു വില കൊടുത്താലും ഈ നല്ല കാര്യം ചെയ്യാൻ തയ്യാറാണെന്ന ധീരമായ മനക്കരുത്ത് ബഹുമാനപ്പെട്ട ഗാന്ധിശിഷ്യനായ മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തിന് ഒരു മൂവായിരമോ നാലായിരമോ വർഷത്തിന്റെ പഴക്കമുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ശ്രീ. ബുദ്ധന്റേയോ അതിനുമുമ്പുള്ള പ്രവാചകൻമാരുടെയോ കാലംതൊട്ട് മനുഷ്യന്റെ നൻമയെ ആഗ്രഹിച്ചവരെല്ലാം ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവരാരും തന്നെ നിയമനിർമ്മാണംമൂലം സമ്പൂർണ്ണ മദ്യ നിരോധനം നമ്മുടെ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാമെന്ന് പറഞ്ഞിട്ടില്ല എന്നുള്ള കാര്യവും അതോടൊപ്പം ശ്രദ്ധേയമാണ്. അതിനു ഈ ഗവൺമെന്റോ ഞാനോ എതിരാണ് എന്നുള്ള അടിസ്ഥാനത്തിൻ പറയുന്നതല്ല. സംസ്ക്കാരം എന്നുപറയുന്നത് മനുഷ്യന്റെ ഒരു ഭാഗമാണ്. അത് സ്വയം നിയന്ത്രണത്തിന്റേയും അന്യരോടുള്ള പരിഗണനയുടേയും ഫലമായി വളർന്നുവരേണ്ടതാണ്. മദ്യത്തിനെതിരായിട്ട് സംസ്ക്കാരവും വളർത്തിയെടുക്കാനാണ് എപ്പോഴും ശ്രമിച്ചിട്ടുള്ളത്. പൂർണ്ണമായും ആരും അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി മദ്യവർജ്ജനം വളർന്നുവന്നിട്ടുള്ളതാണ്. ഭരണഘടനയിൽ ഇത് സ്ഥാനം പിടിച്ചിട്ടുണ്ട്. നമുക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം കേരളത്തിന്റെ ഭാഗമായ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും എല്ലാം ഭാഗികമായി ഇത് നടപ്പാക്കിയിരുന്നു. രാജാജി മന്ത്രിസഭ തമിഴ്നാട്ടിലും ഇത് നടപ്പാക്കിയിരുന്നു. പക്ഷേ, പിന്നീട് നിയമനിർമ്മാണം മൂലം ഇത് നടപ്പാക്കുന്നതിന്റെ ദോഷഫലങ്ങൾ അതാതു കാലത്തുള്ള ഗവൺമെന്റുകൾ പരിഗണിച്ചതിനുശേഷം, ആ നിയമം മാറ്റുക എന്നുള്ള ഒരു നയമാണ് സ്വീകരിച്ചത്. ആ നയമാണ് ഇപ്പോൾ ഗവൺമെന്റു തുടർന്നു വരുന്നത്. ഇതിനകത്ത് പല പ്രശ്നങ്ങളുമുണ്ട്. മദ്യം നിയമംമൂലം നിഷേധിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വിഷമദ്യത്തിന്റെ വിൽപ്പന, കള്ളവാറ്റ്, ചാരായം അങ്ങനെയുള്ളവ, അതായത് മനുഷ്യമനസ്സ് പൂർണ്ണമായി മാറാതെ നിയമം കൊണ്ടുവരുമ്പോൾ ഈ രാജ്യത്തുണ്ടാകുന്ന ഭീകരമായ പ്രശ്നങ്ങൾ ഒരു ഭാഗത്തുനിന്നു ഉണ്ടാകുന്നു. അതുപോലെതന്നെ ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ റീഹാബിലിറ്റേറ്റ് ചെയ്യേണ്ട പ്രശ്നങ്ങളും ഉണ്ടാകും. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായങ്ങളോട് എല്ലാം യോജിക്കുന്നതോടൊപ്പം തന്നെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണ മദ്യ നിരോധനം എന്ന ഒരു നയം സ്വീകരിച്ചിട്ടില്ല എന്നു പറയാൻ ആഗ്രഹിക്കുന്നു. എന്നാൽ അത് നിരുൽസാഹപ്പെടുത്തുന്നതിനും മാനസിക പരിവർത്തനത്തിനുമുള്ള എല്ലാ പരിശ്രമങ്ങൾക്കും ഗവൺമെന്റ് അനുകൂലമാണ്. അതിന്റെ ഭാഗം എന്നുള്ള നിലയിൽ വ്യാജമായി നടത്തുന്ന ഷോപ്പുകൾ തുടങ്ങിയ സംരംഭങ്ങളെല്ലാം കർശനമായി തടയുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റും പൂർണ്ണമായി സഹകരണം നൽകുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വ്യാപകമായി നടക്കുന്ന പ്രതിഷേധങ്ങളും സമരപരിപാടികളും കണക്കിലെടുത്തുകൊണ്ട് ബന്ധപ്പെട്ട ആളുകളെയെല്ലാം വിളിച്ച് അതിന്റെ സാദ്ധ്യത ആരായാനും പരിഹാര മാർഗ്ഗങ്ങൾ കാണാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ ? ധാർമ്മികമായ ഉപദേശം മാത്രം മതി നിയമനിർമ്മാണം വേണ്ടെന്നു പറയുന്നതിൽ യാതൊരു കാര്യവുമില്ല. വ്യഭിചാരം ധാർമ്മികമായ ഒരു കാര്യമാണ്. നിയമനിർമ്മാണം ഇല്ലെന്നു വാദിക്കുന്നത് ശരിയല്ല. തീർച്ചയായും പ്രധാനപ്പെട്ട ഈ കാര്യങ്ങളെക്കുറിച്ച് വിവിധ തലങ്ങളിലുള്ള സാമൂഹ്യ പരിഷ്ക്കർത്താക്കളേയും പൊതുപ്രവർത്തകരേയും സമരപരിപാടികളും നടത്തുന്നവരേയും വിളിച്ചുകൂട്ടി ഇതിന്റെ സാദ്ധ്യതകൾ ആരായാൻ ഒരു വേദി തയ്യാറാക്കാൻ സന്നദ്ധമാണോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിനെക്കുറിച്ച് അവരുമായിട്ട് ചർച്ച നടത്തി. അതിന്റെ ഭാഗമായിട്ട് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് കാലാന്തരമായിട്ട് നാട്ടിലുള്ള ഒരു കാര്യമാണ്. ഇതു നിരുൽസാഹപ്പെടുത്താനുള്ള സംരംഭവുമായിട്ട് ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly